പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) ആഭ്യന്തര, ആരോഗ്യ, വിദ്യാഭ്യാസ, എക്സൈസ്, ട്രാൻസ്പോർട്ട്, ലോക്കൽ സെൽഫ് ഗവണ്മെന്റ് വകുപ്പുകൾ, പ്രിന്റ് ആന്റ് വിഷ്വൽ മീഡിയ, പി.ടി.എ., കച്ചവടക്കാർ, ഓട്ടോ, ടാക്സി ഡ്രൈവർമാർ, അതാത് റസിഡൻഷ്യൽ അസ്സോസിയേഷനുകൾ എന്നിവരാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്.

വനങ്ങളുടെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ

22 (*22) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത കർമ്മപരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നല്കുമോ ;

(സി) ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാരും കേരള വനം വന്യജീവി വകുപ്പും പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന ഭൂവിസ്തൃതിയുടെ 29.10 ശതമാനം വനഭൂമിയും (ദേശീയ ശരാശരി 19%) ആകെ വന വിസ്തൃതിയിൽ 28.41 ശതമാനം വന്യജീവി (സംരക്ഷണ) നിയമ പ്രകാരം സംരക്ഷിച്ചുവരുന്ന പ്രദേശങ്ങളുമാണ്. വന ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അംഗീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു:

1. പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണം, പരിപാലനം, വികസനം.
2. വനത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ.
3. വനത്തിലും വനേതര ഭൂമിയിലും വൃക്ഷാവരണം വർദ്ധിപ്പിക്കൽ.

LIBRARY ARCHIVES Kerala Legislative Assembly

4. വനത്തിനുള്ളിലും പുറത്തുമുള്ള വന്യജീവികളുടെ സംരക്ഷണവും പരിപാലനവും.
5. ഭൗതിക ആവശ്യങ്ങൾക്കായി വനത്തിൻമേലുള്ള ആശ്രിതത്വവും സമർദ്ദവും ലഘൂകരിക്കൽ.
6. വനത്തിലുള്ള സസ്യ ജന്തു ജനുസ്സുകളുടെ ജീൻപൂൾ സംരക്ഷണം.
7. ആദിവാസി ഗോത്ര വിഭാഗങ്ങളുടെയും പരമ്പരാഗത വനവാസികളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ.
8. കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പു നിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടു പുരയിടങ്ങൾ എന്നിങ്ങനെയുള്ള വനാതിർത്തിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ ജൈവവൈവിദ്ധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
9. വനത്തിന്റെ ജല ഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ.
10. ജനപങ്കാളിത്ത വന പരിപാലന പ്രക്രിയയിലൂടെ വന സംരക്ഷണത്തിന് സാമൂഹിക പ്രതിരോധശേഷി നേടുന്നതിനുള്ള നടപടികൾ.

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആന്റ് റൂറൽ ഡെവലപ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA), ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി, ലോകബാങ്ക്, യുണൈറ്റഡ് നാഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP), ഗ്ലോബൽ എൻവിറോൺമെന്റ് ഫെസിലിറ്റി (GEF) എന്നീ അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽനിന്നും സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവകലാശാല, കേരള വെറ്റിനറി സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവർഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി, പെരിയാർ പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നത്.

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കിവരികയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കർമ്മ പരിപാടികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly